ഗ്രേഡ്-I മുനിസിപ്പാലിറ്റിയായി ഉയർത്തിയ മുനിസിപ്പാലിറ്റികളിലൊന്നും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ 17-10-2015-ന് സർക്കാരിൽ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വിവിധയിനം നികുതികൾ**

142 (153) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന എസ്റ്റേറ്റുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) ടി എസ്റ്റേറ്റുകളിൽനിന്നും ഗ്രാമപഞ്ചായത്തിന് ഓരോ വർഷവും ലഭിക്കുന്ന വിവിധയിനം നികുതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

&

(സി) ടി നികുതിയിനങ്ങളിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന എസ്റ്റേറ്റുകൾ ഒന്നുംതന്നെയില്ല.

**കോവിഡ് പ്രതിരോധത്തിനുള്ള ഫണ്ട്**

143 (154) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യ ചുമതല വഹിക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യ ചുമതല വഹിക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത്ഫണ്ട്, പൊതുവിഭാഗം സാധാരണ വിഹിതം, നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്ന് അടിയന്തര ചെലവുകൾ വഹിക്കുന്നതിന് അനുമതി നൽകിയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരിക്കുന്നതിനുംവേണ്ട മാർഗ്ഗരേഖ സ.ഉ.(സാധാ)നമ്പർ 911/2021/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly